യോഹ. 3 : 14 – 21

**2023 ഫെബ്രുവരി 05**

# വചനഭാഷ്യം

**ഡോ. സോണി മഞ്ഞളി**

**<u>രക്ഷ പ്രദാനം ചെയ്യുന്ന വെളിച്ചം</u>**

കര്‍ത്താവിന്റെ കുരിശുമരണമാകുന്ന രഹസ്യത്തെ 'ഉയര്‍ത്തപ്പെടലായി' യോഹന്നാന്‍ സുവിശേഷകന്‍ അടയാളപ്പെടുത്തുന്നു. ''മോശ മരുഭൂമിയില്‍ സര്‍പ്പത്തെ ഉയര്‍ത്തിയതുപോലെ, തന്നില്‍ വിശ്വസിക്കുന്നവന് നിത്യജീവന്‍ ഉണ്ടാകേണ്ടതിന് മനുഷ്യപുത്രനും ഉയര്‍ത്തപ്പെടേണ്ടിയിരിക്കുന്നു'' (യോഹ. 3:14; ദാനി. 7:13). 'സ്വര്‍ഗ്ഗത്തില്‍ നിന്നിറങ്ങിയ മനുഷ്യപുത്രനല്ലാതെ മറ്റാരും സ്വര്‍ഗ്ഗത്തില്‍ ഇതുവരെ കയറിയിട്ടില്ല' എന്നും സുവിശേഷകന്‍ രേഖപ്പെടുത്തുന്നു' (യോഹ. 1:14; 3:13).

യേശുവിന്റെ മനുഷ്യാവതാരവും, കുരിശുമരണവും 'ഉയര്‍ത്തപ്പെടലിന്' കാരണമായി (സംഖ്യ 21:7–9; സഖ. 12:10). യേശുക്രിസ്തുവിന്റെ കുരിശുമരണത്തെക്കുറിച്ച് സുവിശേഷകന്‍ നമ്മെ ഓര്‍മ്മിപ്പിക്കുന്നു, ''തങ്ങള്‍ കുത്തിമുറിവേല്പിച്ചവനെ അവര്‍ നോക്കിനില്‍ക്കും'' (യോഹ. 19:37). നോക്കിനില്‍ക്കുക (ഹൊറാവോ) എന്നത് 'അറിയുക, മനസ്സിലാക്കുക' എന്നാണ് അര്‍ത്ഥമാക്കുന്നത്. ദൈവത്തിന് നമ്മോടുള്ള അഗാധമായ സ്നേഹമാണ് കുരിശുമരണം വെളിപ്പെടുത്തുന്നത്. കുരിശ് സ്നേഹമാണ് വെളിപ്പെടുത്തുന്നതെങ്കില്‍ നമ്മുടെ ജീവിതത്തിലെ ഉയര്‍ച്ച താഴ്ചകളും, സഹനങ്ങളും ക്രിസ്തുസ്നേഹം പ്രകടിപ്പിക്കാനുള്ള അവസരങ്ങളായി മാറണം.

''... ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു'' (യോഹ. 3:16). ലോകം (കോസ്മോസ്) എന്ന പദത്തിന് ഒരുപാട് അര്‍ത്ഥതലങ്ങള്‍ യോഹന്നാന്റെ സുവിശേഷത്തില്‍ ഉണ്ട്. 78 പ്രാവശ്യം ഈ പദം ഉപയോഗിച്ചിട്ടുമുണ്ട്. ഭൂമി അല്ലെങ്കില്‍ മനുഷ്യര്‍ വസിക്കുന്ന ഇടമെന്നും (യോഹ. 11:9; 21:25), സൃഷ്ടപ്രപഞ്ചം എന്നും (യോഹ. 17:5, 24), 'ഭൂമിയില്‍ വസിക്കുന്നവര്‍' എന്നര്‍ ത്ഥത്തിലും ഈ പദം കാണാന്‍ സാധിക്കും, 'എല്ലാ മനുഷ്യരും' എന്നര്‍ത്ഥത്തിലാണ് ഈ സുവിശേഷഭാഗത്ത് ഉപയോഗിച്ചിരിക്കുന്നത്. അതായത് തന്റെ ഏകജാതനെ നല്കുവാന്‍ തക്കവിധം ദൈവം എല്ലാ മനുഷ്യരേയും സ്നേഹി ക്കുന്നു.

'അവനില്‍ വിശ്വസിക്കുന്ന ഒരുവനും ശിക്ഷയ്ക്കു വിധിക്കപ്പെടുന്നില്ല' (യോഹ. 3:18). ശിക്ഷാവിധിയെക്കുറിച്ച് വിവരിക്കുന്ന ഈ വചനങ്ങളില്‍, കരുണയും അളവില്ലാത്ത സ്നേഹവും നിറഞ്ഞ് നില്‍ക്കുന്ന ദൈവത്തിന്റെ ചിത്രമാണ് വെളിപ്പെടുന്നത്. ക്രിസ്തുവില്‍ വിശ്വസിക്കുന്നവന്‍ ശിക്ഷയ്ക്കു വിധിക്കപ്പെടുന്നില്ല. സുവിശേഷത്തിന്റെ ആരംഭത്തില്‍ രേഖപ്പെടുത്തിയിരിക്കുന്നു ''ആ വെളിച്ചം ഇരുളില്‍ പ്രകാശിക്കുന്നു. അതിനെ കീഴടക്കുവാന്‍ ഇരുളിന് കഴിഞ്ഞില്ല' (യോഹ. 1:5). ''പ്രകാശം ലോകത്തിലേക്ക് വന്നിട്ടും മനുഷ്യന്‍ പ്രകാശത്തേക്കാള്‍ അധികമായി അന്ധകാരത്തെ സ്നേഹിച്ചു (യോഹ. 3:19). ദൈവഹിതത്തിന്റെ ഇടുങ്ങിയ വഴികളേക്കാള്‍ തന്നിഷ്ടത്തിന്റെ വിശാലപാതകള്‍ അന്വേഷിച്ചു പോകുന്നവരുണ്ട്. പ്രകാശത്തിന്റെ സ്വര്‍ഗ്ഗീയ അനുഭവങ്ങള്‍ വിട്ടിട്ട് ഇരുട്ടിന്റെ മോഹങ്ങളെ തേടുന്നവരും ഉണ്ട്. സ്വാര്‍ത്ഥതയുടെ ഇരുട്ടിനെ സ്നേഹിക്കുന്നവരാകാതെ, നന്മയുടെ പ്രകാശവാഹകരായി മാറാന്‍ ലോകത്തിന്റെ പ്രകാശമായ ക്രിസ്തുനാഥന്‍ നമ്മെ ക്ഷണിക്കുന്നു.

'സത്യം പ്രവര്‍ത്തിക്കുന്നവന്‍ വെളിച്ചത്തിലേക്ക് വരുന്നു' (യോഹ. 3:21). ദൈവത്തിന്റെ ഹിതമാണ് സത്യം. നാം വെളിച്ചത്തിലായിരിക്കണമെങ്കില്‍, ദൈവഹിതം തേടേണ്ടിയിരിക്കുന്നു. ദൈവഹിതത്തിന് കാതോര്‍ത്ത്, ദൈവൈക്യത്തില്‍ ജീവിച്ച്, പ്രകാശത്തിന്റെ മക്കളായി വ്യാപരിക്കാം. എ